പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2222 | 08. 12. 2015 ൽ മറുപടിക്ക്

## ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

ചോദ്യം | ഉത്തരം

ശ്രീ. വി.ശിവൻകുട്ടി

ശ്രീ ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നതിനായി 2014-15 സാമ്പത്തികവർഷത്തിലെ സംസ്ഥാന ബജറ്റിൽ 1.05 കോടി രൂപ വകയിരുത്തി വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ? | (എ) | 2014-15 സാമ്പത്തികവർഷം ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നതിനായി സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിച്ച് എനർജി മാനേജ്മെന്റ് സെന്റർ മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ അനുബന്ധം I ആയും കെ.എസ്.ഇ.ബി ലിമിറ്റഡ് മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ അനുബന്ധം II ആയും ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## 2014-15 സാമ്പത്തിക വർഷം എനർജി മാനേജ്മെന്റ് സെന്റർ മുഖേന നടപ്പാക്കിയ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

### 1) കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികൾക്ക് ഊർജ്ജ സംരക്ഷണ അവബോധം വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ

എനർജി മാനേജ്മെന്റ് സെന്റർ സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ കേരളിത്തിൽ ഉടനീളം സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ്, സി.ബി.സ്.ഇ, പ്രൈവറ്റ് സ്കൂളുകൾ എന്നിവയെ ബന്ധിപ്പിച്ച് ഊർജ്ജ ക്ലബ്ബുകൾ രൂപീകരിച്ചു. ഇതിന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിൽ ഓരോന്നിലും ഓരോ ഡിസ്ട്രിക് കോർഡിനേറ്റർമാരേയും അവരുടെ കീഴിൽ 41 വിദ്യാഭ്യാസ ജില്ലകളിലായി 41 ജോയിന്റ് കോർഡിനേറ്റർ- മാരേയും നിയമിച്ചു.

SEP യുടെ ഭാഗമായി സംസ്ഥാനതലത്തിൽ എനർജി കോൺഗ്രസ്സ് 2015 എന്ന പേരിൽ സ്കൂൾകുട്ടികൾക്കായി മത്സരങ്ങൾ നടത്തി

വിദ്യാലയങ്ങൾ തോറും ഊർജ്ജ സംരക്ഷണ അവബോധം വർദ്ധിപ്പിക്കാൻ എക്സിബി- ഷനുകളും, സെമിനാറുകളും, ശില്പശാലകളും നടത്തി.

കേരളത്തിലെ എഞ്ചിനീയറിംഗ്, പോളിടെക്നിക്, ഐ.റ്റി.ഐ, മുതലായ സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണ അവബോധം വർദ്ധിപ്പിക്കാൻ ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട മത്സരങ്ങൾ നടത്തി. 2014-15 സാമ്പത്തികവർഷത്തിൽ സ്കൂളുകളിലും കോളേജുകളിലുമായി 122 ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി.

### 2) വാണിജ്യ / വ്യവസായ വൈദ്യുതി ഉപഭോക്താക്കൾക്കുള്ള കപ്പാസിറ്റി ബിൽഡിംഗ് പരിശീലന പരിപാടി

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ തെരെഞ്ഞെടുക്കപ്പെട്ട സാങ്കേതിക വിദഗ്ധർക്കുവേണ്ടി ഏകദിന ശില്പശാലയും മുനിസിപ്പൽ ഡിമാന്റ് സൈഡ് മാനേജ്മെന്റിൽ കേരളത്തിലെ കോർപ്പറേഷനുകളിലെയും, മുനിസിപ്പാലിറ്റികളിലേയും പ്രതിനിധികൾക്കായി ശില്പശാലയും നടത്തി. നടത്തുകയുണ്ടായി.

കേരളത്തിലെ വൻകിട ഊർജ്ജ ഉപഭോക്താക്കൾക്ക് എനർജി ഓഡിറ്റ് നടത്തുന്നതിനുള്ള എനർജി ഓഡിറ്റ് മാനുവൽ തയ്യാറാക്കി.

കേരളത്തിൽ ഊർജ്ജകാര്യക്ഷമതയുള്ള തെരുവുവിളക്കുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സ്ട്രീറ്റ് ലൈറ്റിങ്ങ് പോളിസിയുടെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ട്.

കെ.എസ്.ഇ.ബി ESCOT ലെ തെരെഞ്ഞെടുക്കപ്പെട്ട ഇരുപത്തഞ്ചിലധികം ഇഞ്ചിനീയർമാർക്ക് വേണ്ടി HVAC സ്റ്റിസ്റ്റത്തെപ്പറ്റി ഏകദിന ശില്പശാല നടത്തി.

എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡിനെ സംബന്ധിച്ച് ഏകദിന/ദ്വിദിന ശില്പശാലകൾ സംഘടിപ്പിച്ചു.

3) <u>പൊതുജനങ്ങൾക്കായുള്ള ഊർജ്ജ സംരക്ഷണ ബോധവത്കരണ പരിപാടി</u>

പൊതുജനങ്ങൾക്ക് ഊർജ്ജസംരക്ഷണ ബോധവത്കരണം നൽകുന്നതിന് വിവിധ എക്സിബിഷനുകളും, സെമിനാറുകളും, ശില്പശാലകളും നടത്തിവരുന്നു.

റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങൾ മറ്റു സംഘങ്ങൾ എന്നിവയുമായി ചേർന്ന് ബോധവത്കരണ പരിശീലനപരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

4) <u>പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി ഊർജ്ജസംരക്ഷണ അവബോധം പ്രചരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ</u>

പത്ര പരസ്യങ്ങളും, വിവിധ മാസികകളിലൂടെയുള്ള പരസ്യങ്ങളും ശ്രവ്യമാധ്യമ പരസ്യങ്ങളും മുഖേന ജനങ്ങളിൽ ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി സന്ദേശങ്ങൾ എത്തിച്ചു.

തിരുവനന്തപുരം ആകാശവാണിയുമായി ചേർന്ന് 'ഹലോ ആകാശവാണി' എന്ന പരിപാടിയിലൂടെ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

5) <u>എനർജി ഇൻഫർമേഷൻ ബ്യൂറോ പ്രവർത്തനങ്ങൾ</u>

പൊതുജനങ്ങൾക്ക് ഊർജ്ജ സംരക്ഷണവുമായുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്നതിനുവേണ്ടി ടോൾഫ്രീ ഫോൺ നമ്പർ ആരംഭിച്ചു (18004255256). ഊർജ്ജസംരക്ഷണ ബോധവത്കരണം നൽകാൻ ലഘുലേഖകളും, പോസ്റ്ററുകളും അച്ചടിച്ച് സംസ്ഥാനത്തിലെ 6000 ത്തിലധികം വായനശാലകൾ വഴിയും, സന്നദ്ധസംഘടനകൾ വഴിയും വിതരണം ചെയ്തു. സർക്കാർ ആഫീസുകളിലും മറ്റ് പൊതുസ്ഥലങ്ങളിലും പ്രദർശിപ്പിക്കാനായി സ്റ്റിക്കറുകൾ അച്ചടിച്ച് വിതരണം ചെയ്തു.

6) <u>വീട്ടമ്മമാർക്കുള്ള എനർജി ക്ലിനിക് പ്രോഗ്രാം വുമൺസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സസ്റ്റൈനബിൾ എനർജി റിസർച്ച് ( WISER)</u>

വീട്ടമ്മമാർക്ക് ഊർജ്ജസംരക്ഷണ കാര്യങ്ങളിൽ അറിവ് പകരുന്നതിനായി എനർജി ക്ലിനിക് വോളണ്ടിയർമാർ വീടുകൾതോറും ഊർജ്ജസംരക്ഷണ ക്ലാസുകൾ നൽകുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു വരുന്നു. AIWC, ഗാന്ധിസ്മാരക നിധി, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവവഴി വാളണ്ടിയർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

എനർജി ക്ലിനിക് എന്ന പരിപാടിയിലൂടെ 8200 വീടുകളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി.

7) <u>എനർജി ഓഡിറ്റ് സ്ഥാപനങ്ങളുടെ എംപാനലിങ്ങും എനർജി ഓഡിറ്റ് റിപ്പോർട്ടുകളുടെ അവലോകനവും</u>

കേരളത്തിലെ വൻകിട ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റിങ്ങ് നിർബന്ധമാക്കിക്കൊണ്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റ് നടത്തുന്നതിനുവേണ്ടി നാളിതുവരെ 33 എനർജി ഓഡിറ്റ് സ്ഥാപനങ്ങളെ സാങ്കേതിക വിദഗ്ധസമിതി അഭിമുഖം നടത്തി പരിശോധിച്ച് എംപാനൽ ചെയ്ത് ഇ.എം.സി വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വൻകിട

ഊർജ്ജ ഉപഭോക്താക്കളിൽ നിന്നും ലഭിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ 2014-15 സാമ്പത്തികവർഷത്തിൽ സാങ്കേതിക വിദഗ്ധസമിതി മൂന്നുദിവസം അഭിമുഖം നടത്തി 58 റിപ്പോർട്ടുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചു.

8) ഹോം എനർജി ഓഡിറ്റർമാർക്കുള്ള സർട്ടിഫിക്കറ്റ് കോഴ്സ്

ഹോം എനർജി ഓഡിറ്റ് പദ്ധതി നടത്തിപ്പിലേക്കായി സംസ്ഥാനത്തെ പത്ത് ജില്ലകളിൽ വെച്ച് വയർമാൻമാർക്ക് പരിശീലനം നൽകാൻ ഏകദിന ശില്പശാലകൾ നടത്തി. വീടുകളിലെ വൈദ്യുതി ഉപയോഗ ഓഡിറ്റിങ്ങ് നടത്താൻ ഇവരെ പ്രാപ്തരാക്കുക എന്നതായിരുന്നു ലക്ഷ്യം. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1200-ൽ അധികം വയർമാൻമാർക്കാണ് പരിശീലനം നൽകിയത്. അതിനുശേഷം തെരഞ്ഞെടുക്കപ്പെട്ട വയർമാൻമാർക്ക് തിരുവനന്തപുരത്തുവെച്ച് ദ്വിദിന ശില്പശാല നടത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ

അനുബന്ധം. II

ച.ഉ.ന. 2222

## പൂർത്തീകരിച്ച പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | പദ്ധതി വിവരണം | പദ്ധതി പൂർത്തീകരിച്ച വിവരങ്ങൾ |
|---|---|---|---|
| 1 | എച്ച്.വി.ഡി.എസ് പൈലറ്റ് പദ്ധതി<br>അനുവദിച്ച തുക – 30 ലക്ഷം | 11 കെ.വി നിലവാരത്തിലുള്ള വൈദ്യുതി വിതരണം – പേയാട് നെടുമങ്ങാട് ഡിവിഷന്റെ കീഴിൽ | കുറഞ്ഞ വോൾട്ടേജിലുള്ള വൈദ്യുത വിതരണത്തിലുള്ള ഊർജ്ജ നഷ്ടം, അപകടങ്ങൾ, വൈദ്യുത തടസ്സം, പരിപാലന ചെലവ് എന്നിവയിലെ കുറവ്<br>ഇതുവരെ ചിലവായ തുക – 29,67,812/- |
| 2 | സർക്കാർ ആശുപത്രികളിലെ ലൈറ്റുകൾ, ഫാനുകൾ എന്നിവ ഊർജ്ജക്ഷമമാക്കുന്ന പദ്ധതി<br>അനുവദിച്ച തുക – 15 ലക്ഷം | അടൂർ, പുനലൂർ, നിലമ്പൂർ, തിരൂർ, പാലക്കാട് എന്നിവിടങ്ങളിലെ ലൈറ്റുകൾ എൽ.ഇ.ഡി ലേയ്ക്കും മാറ്റുകയും ഊർജ്ജക്ഷമത കൂടിയ ഫാനുകൾ എന്നിവ സ്ഥാപിക്കുന്ന പദ്ധതി | 0.15 എം.യു കണക്കിലുള്ള വൈദ്യുതലാഭം പ്രതിവർഷം പ്രതീക്ഷിക്കുന്നു. പദ്ധതി മുഴുവനായും നവമ്പർ 2015 ൽ പൂർത്തീകരിക്കാവുന്നതാണ്.<br>ഇതുവരെ ചിലവായ തുക – 14,37,200/- |
| 3 | വിതരണ ട്രാൻസ്ഫോർമറുകളുടെ നവീകരണം<br>അനുവദിച്ച തുക – 90 ലക്ഷം | കേരളത്തിലാകമാനമുള്ള 140 വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ നവീകരിച്ചു. | ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ പാഴായി പോകുന്ന വൈദ്യുതിയുടെ അളവ് കുറയ്ക്കാനായി.<br>ഇതുവരെ ചിലവായ തുക – 90 ലക്ഷം |
| 4 | പെട്ടി-പറ പമ്പിംഗ് സമ്പ്രദായത്തിന്റെ നവീകരണം<br>അനുവദിച്ച തുക – 30 ലക്ഷം | ചങ്ങനാശ്ശേരി, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം എന്നിവിടങ്ങളിലെ തിരഞ്ഞെടുത്ത 10 പാടശേഖരങ്ങളിലെ നിലവിലുള്ള പെട്ടി-പറ പമ്പുകൾ മാറ്റി സബ്മേഴ്സിബിൾ പമ്പുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതി | പദ്ധതി പൂർത്തീകരിച്ചു<br>ഇതുവരെ ചിലവായ തുക – 27,97,509/- |
| 5 | എനർജി ഓഡിറ്റിംഗിന് വേണ്ട ഉപകരണങ്ങൾ വാങ്ങുക<br>അനുവദിച്ച തുക – 30 ലക്ഷം | പവർ ക്വാളിറ്റി അനലൈസർ ലക്സ് മീറ്റർ അനിമോ മീറ്റർ, തെർമൽ ഇമേജറുകൾ എന്നിവ | പദ്ധതി പൂർത്തിയായി<br>ഇതുവരെ ചിലവായ തുക – 27.5 ലക്ഷം |

ഒപ്പ് ഊർജ്ജ മന്ത്രി